രണ്ട് രൂപയിൽ നിന്നും രണ്ട് രൂപ അൻപത് പൈസയാക്കി. (കിലോമീറ്ററിന് 35 പൈസയിൽ നിന്ന് 7 പൈസ വർദ്ധിപ്പിച്ച് 42 പൈസയാക്കി). 24-11-2005-ൽ ഓർഡിനറി, സിറ്റി, സിറ്റി ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്, ടൗൺ സർവ്വീസ് എന്നിവയ്ക്ക് മിനിമം ചാർജ്ജ് 2 രൂപ അൻപത് പൈസയിൽ നിന്നും 3 രൂപയാക്കി വർദ്ധിപ്പിച്ചു. (കിലോമീറ്ററിന് 42 പൈസയിൽനിന്ന് 6 പൈസ വർദ്ധിപ്പിച്ച് 48 പൈസയാക്കി). ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് പാസഞ്ചർ എന്നിവയ്ക്ക് മിനിമം ചാർജ്ജ് 3 രൂപയിൽ നിന്ന് 4 രൂപയാക്കി വർദ്ധിപ്പിച്ചു. (കിലോമീറ്ററിന് 43 പൈസയിൽ നിന്ന് 9 പൈസ വർദ്ധിപ്പിച്ച് 52 പൈസയാക്കി). സൂപ്പർ ഫാസ്റ്റ് സർവ്വീസിന് മിനിമം ചാർജ്ജ് 6 രൂപയിൽ നിന്ന് മാറ്റം വരുത്തിയില്ല. എന്നാൽ കിലോമീറ്ററിന് 46 പൈസയിൽ നിന്ന് 9 പൈസ വർദ്ധിപ്പിച്ച് 55 പൈസയാക്കി. സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഡീലക്സ് സർവ്വീസ്, ഹൈടെക് ലക്ഷ്വറി സർവ്വീസ് എന്നിവയുടെയും മിനിമം ചാർജ്ജിന് മാറ്റം വരുത്തിയിട്ടില്ല. എന്നാൽ സൂപ്പർ എക്സ്പ്രസ് സർവ്വീസിന് കീലോമീറ്ററിന് 54 പൈസയിൽ നിന്ന് 6 പൈസ വർദ്ധിപ്പിച്ച് 60 പൈസയാക്കുകയും സൂപ്പർ ഡീലക്സ് എക്സ്പ്രസിന് കിലോമീറ്ററിന് 63 പൈസയിൽ നിന്ന് 7 പൈസ വർദ്ധിപ്പിച്ച് 70 പൈസയാക്കുകയും ലക്ഷ്വറി ഹൈടെക് സർവ്വീസിന് കിലോമീറ്ററിന് 75 പൈസയിൽ നിന്ന് 5 പൈസ വർദ്ധിപ്പിച്ച് 80 പൈസയാക്കുകയും ചെയ്തിട്ടുണ്ട്.

(സി ആന്റ് ഡി) വിവിരം ശേഖരിച്ചുവരുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുവാനുള്ള പദ്ധതി

11 [*76] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ ഈ സർക്കാർ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പുതിയ ഏതെങ്കിലും പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ടോ ;

(സി) മഴവെള്ള സംഭരണ പദ്ധതി ഏതു ഘട്ടം വരെയായി ;

(ഡി) ആയതിലേക്ക് ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കേരള വാട്ടർ അതോറിറ്റി, ചെറുതും വലുതുമായ 761 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും, 886 സ്കൂളുകളിൽ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു. ജലനിധി പദ്ധതിയിലൂടെ 1654 ചെറുകിട ജലവിതരണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഭൂജല വകുപ്പ്, രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, എസ്.സി. കോളനികൾക്കായുള്ള പദ്ധതി, മഴവെള്ള ശേഖരണ പദ്ധതി, കൃത്രിമ ഭൂജല

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ, ചെറുകിട/ഇടത്തരം കർഷകർക്കും കുടിവെള്ളക്ഷാമ പരിഹാരത്തിനായി കുഴൽക്കിണർ നിർമ്മിച്ച് നൽകുന്നു. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ കുടിവെള്ളക്ഷാമ പരിഹാരത്തിനായി കുഴൽക്കിണർ നിർമ്മിച്ച് ഹാന്റ് പമ്പ് ഘടിപ്പിച്ച് നൽകുന്നു.

സെക്ടർറിഫോംസ്, കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വജൽധാര-2 കൊല്ലം ജില്ലയിലെ 26 ഗ്രാമ പഞ്ചായത്തുകളിലും കാസർഗോഡ് ജില്ലയിലെ 17 ഗ്രാമ പഞ്ചായത്തുകളിലായി 422 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും 79 സ്കൂൾ. കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മഴവെള്ളക്കൊയ്ത്ത് പദ്ധതിയായ വർഷ പദ്ധതി പ്രകാരം 2002-04 വർഷങ്ങളിൽ അംഗീകാരം ലഭിച്ച 1058 യൂണിറ്റുകളുടെയും പണികൾ പൂർത്തിയായി. 12/05-ൽ അംഗീകാരം ലഭിച്ച 2813 യൂണിറ്റുകളുടെ പണികൾ തുടങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ജലനിധി, കേരളത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, മെഡിക്കൽ കോളേജുകൾ മുതലായ 64 സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണ-ഭൂജല പരിപോഷണ യൂണിറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കിവരുന്നു. ഭൂജലവകുപ്പ് 38 മഴവെള്ള ശേഖരണ പദ്ധതികൾ പൂർത്തിയാക്കി. കൂടാതെ, 35 പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള നടപടികൾ നടന്നു. സെക്ടർ റിഫോംസ്, കാസർഗോഡ് ജില്ലയിൽ ജില്ലാ പഞ്ചായത്തിലെ മാതൃകാ മഴവെള്ള സംഭരണി, സ്കൂൾ മഴവെള്ള സംഭരണ പദ്ധതികൾ, വിവിധ ഗ്രാമ പഞ്ചായത്തുകളിലെ മാതൃകാ മഴവെള്ള സംഭരണികൾ, ഗ്രാമീണ ശുദ്ധജല പദ്ധതികൾ, വിവിധ സർക്കാർ സ്ഥാപനങ്ങളിലെ മാതൃകാ മഴവെള്ള സംഭരണികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റി — 653.69 ലക്ഷം രൂപ
ജലനിധി — 89 ലക്ഷം രൂപ (World Bank share)
— 108 ലക്ഷം രൂപ (MGP share)
ഭൂജല വകുപ്പ് — 2,19,002 ലക്ഷം രൂപ
സെക്ടർ റിഫോംസ് — 3,087 ലക്ഷം രൂപ

വാറ്റ് നടപ്പിലാക്കിയതുമൂലം സർക്കാരിനുണ്ടായ നഷ്ടം

12 [*77] ശ്രീ. വി. കെ. സി. മമ്മത്കോയ :
,, എ. കെ. ബാലൻ :
,, കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാറ്റ് സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം വ്യാപാര രംഗത്ത് നിലനിൽക്കുന്ന പ്രതിസന്ധി സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly